"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ (കെ.യു.ആർ.ഡി.എഫ്.സി.) മാനേജിംഗ് ഡയറക്ടറായി കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ. എസ്. പ്രേംകുമാർ-ന്റെ ശമ്പളം നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2350/2025/LSGD തീയതി, തിരുവനന്തപുരം, 26-09-2025

---

പരാമർശം:- 1. സ.ഉ (കൈ) നം. 87/2025/തസ്വഭവ, തീയതി 22.05.2025

2. സ.ഉ (അച്ചടി) നം.131/2022/ധന, തീയതി 29.10.2022

3 . കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 08.07.2025-ലെ KURDFC/174/2025 F2 നമ്പർ കത്ത്

**ഉത്തരവ്**

കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) മാനേജിംഗ് ഡയറക്ടറായി ശ്രീ.എസ്. പ്രേംകുമാറിനെ, വേതനം പിന്നീട് നിശ്ചയിച്ച് നല്കുന്നതാണെന്ന വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം രണ്ട് വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.

2. കെ.യു.ആർ.ഡി.എഫ്സി.യിൽ നിലവിൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 15% ഡിഎ-യ്ക്ക് പുറമേ HRA യും നല്കി വരുന്നുണ്ടെന്നും, മാനേജിംഗ് ഡയറക്ടർക്ക് 2,000/- രൂപ ടെലഫോൺ അലവൻസായി അനുവദിക്കുന്നുണ്ടെന്നും പരാമർശം (3) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.യു.ആർ.ഡി.എഫ്.സി.യുടെ മാനേജിംഗ് ഡയറക്ടറായി പരാമർശം (1) പ്രകാരം രണ്ട് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ. എസ്. പ്രേംകുമാറിന്, ടി തസ്തികയിൽ 1,00,000/- രൂപ (ഒരു ലക്ഷം രൂപാ മാത്രം) കൺസോളിഡേറ്റഡ് പേ അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.&എസ്.എസ്.എ), കേരള, തിരുവനന്തപുരം

ധനകാര്യ (പി യു-സി) വകുപ്പ് (11.09.2025-ലെ -പി യു-സി2/48/2025-ധന പ്രകാരം)

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് (19.07.2025 ലെ BPE2/122/2025-PLGEA പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/7/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 26-09-2025 11:57:49

സെക്ഷൻ ഓഫീസർ